പട്ടണത്തിൽ നെൽകൃഷിയുമായി രവീന്ദ്രൻ

ഡോ. ആർ പ്രകാശ്
മുൻ മേധാവി,
വിജ്ഞാന വ്യാപന വിഭാഗം,
കേരള കാർഷിക
സർവ്വകലാശാല
ഫോൺ : 9446331825

വ്യത്യസ്തവും നൂതനുവമായ കൃഷിരീതികൾ കൊണ്ട് പ്രശസ്തനായ രവീന്ദ്രൻ ഇപ്പോഴിതാ ടെറസ്സിൽ നെൽകൃഷി ചെയ്ത് വീണ്ടും വിസ്മയം സൃഷ്ടിച്ചിരിക്കുന്നു. നെൽവയലുകൾ അനിവാര്യമാകുന്ന ഈ കാലത്ത് മട്ടുപ്പാവിൽ നെൽകൃഷി ചെയ്ത് സ്വന്തം ആവശ്യത്തിനുള്ള അരി കണ്ടെത്തുകയാണ് ഈ വേറിട്ട കർഷകൻ. അദ്ദേഹത്തിന്റെ ടെറസ്സിൽ നിന്നാൽ ഒരു പ്പാടത്ത് നിൽക്കുന്ന പ്രതീതിയാണ് ഉണ്ടാവുക. രവീന്ദ്രന്റെ മട്ടുപ്പാവിൽ നൂറോളം ചെടിച്ചട്ടികളിലായാണ് നെൽകൃഷി ചെയ്തിരിക്കുന്നത്.

തിരുവനന്തപുരം പട്ടണത്തിൽ ഉള്ളൂർ രജി ഭവനിൽ താമസിക്കുന്ന രവീന്ദ്രൻ 2006 ൽ ഗൾഫിൽ നിന്നും മടങ്ങിയെത്തിയ കാലം മുതൽ മുഴുവൻ സമയവും കൃഷിയിലേർപ്പെട്ടിരിക്കുകയാണ്. പച്ചക്കറികൾ പണ്ടേ കൃഷി ചെയ്യുന്നുണ്ടെങ്കിലും അരി കടയിൽ നിന്നും വാങ്ങുകയായിരുന്നു. അപ്പോഴാണ് നെൽകൃഷി ടെറസ്സിൽ തുടങ്ങിയാലോ എന്ന് രവീന്ദ്രൻ ചിന്തിച്ചത്.

ഉമ, പ്രത്യാശ എന്നീ നെല്ലിനങ്ങളാണ് കൃഷി ചെയ്യാനായി തെരഞ്ഞെടുത്തത്. ചെറിയ നനവുണ്ടെങ്കിലും കരനെല്ലിനങ്ങളായ ഇവ പിടിച്ചുകൊള്ളും. ഇവ പാകമാകാൻ നാല് മാസമെടുക്കും. ഒരു തവണ വിളവെടുത്ത് കഴിഞ്ഞാൽ ഉടൻ തന്നെ അടുത്ത വിത്തും നടുകയാണ് പതിവ്. ഒരു വർഷത്തിൽ മൂന്ന് പ്രാവശ്യം കൃഷി ചെയ്ത് അഞ്ചംഗ കുടുംബത്തിനാവശ്യമായ നെല്ല് സ്വയം ഉൽപാദിപ്പിക്കുകയാണ് രവീന്ദ്രൻ.

ടെറസ്സിലെ നെൽകൃഷി രീതി

മട്ടുപ്പാവിലെ 300 ചതുരശ്ര അടി സ്ഥലത്ത് 158 ചെടിച്ചട്ടികളിലായി നാല് നെൽവിത്ത് വീതം നട്ടാണ് കൃഷി തുടങ്ങുന്നത്. മേടം ഒന്നിനാണ് സാധാരണ കൃഷി തുടങ്ങുന്നത്. 'ഉമ', 'പ്രത്യാശ' എന്നീ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. 'ഉമ' നെല്ലിന് ജൈവകൃഷി രീതിയിൽ പാകമാകാൻ 135 ദിവസം വേണ്ടി വരുമ്പോൾ 'പ്രത്യാശ' ക്കാകട്ടെ 125 ദിവസം മതിയാകും. വിഷമില്ലാത്ത നെല്ലുൽപാദിപ്പിക്കുന്നതിന് സ്വന്തമായുണ്ടാക്കിയ ജൈവവളങ്ങളാണ് രവീന്ദ്രൻ ഉപയോഗിക്കുന്നത്.

1998 മുതൽ എല്ലാ ഓണത്തിനും മട്ടുപ്പാവിൽ കൃഷി ചെയ്ത കരനെല്ല് കൊണ്ടാണ് രവീന്ദ്രനും കുടുംബവും ഓണമുണ്ണുന്നത്. ഓരോ തവണയും 50 കിലോഗ്രാമിൽ കുറയാതെ വിളവും ലഭിക്കും.

ടെറസ്സിൽ വലിയ ലോഡ് വരാതിരിക്കാൻ വശങ്ങളിലൂടെ ജിഐ പൈപ്പ് ഉപയോഗിച്ച് താങ്ങുകൊടുത്താണ് ടെറസ്സിലെ കൃഷി നടത്തുന്നത്.

വൈവിധ്യമാർന്ന വിളകൾ

നെല്ലിന് പുറമേ പാഷൻഫ്രൂട്ട്, വിവിധയിനം പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകളായ കാച്ചിലും മരച്ചീനിയും ഇവിടെ കൃഷിയുണ്ട്. ലിംക ബുക്ക് ഓഫ് റിക്കോർഡിൽ ഇടം പിടിച്ചത് 275 കിലോഗ്രാമുള്ള കാച്ചിൽ വിളയിച്ചാണ്. ഇവ കൂടാതെ മുളക്, കറിവേപ്പില, വിവിധയിനം വെണ്ടകൾ, കടുക്, തക്കാളി, കത്തിരി, ചീര, കുമ്പളം തുടങ്ങിയവയെല്ലാം ടെറസ്സിൽ കൃഷി ചെയ്യുന്നുണ്ട്. മിക്കവാറും ദിവസങ്ങളിൽ രവീന്ദ്രന്റെ കൃഷിയിടം സന്ദർശിക്കാൻ നിരവധി കർഷകരും സ്കൂൾ കുട്ടികളും എത്തുന്നുണ്ട്.

കാച്ചിലിൽ തുടക്കം

പത്തുവർഷം ഗൾഫിലായിരുന്ന രവീന്ദ്രൻ 2004-ൽ ഗൾഫിൽ നിന്ന് മടങ്ങിയെത്തി കൃഷി തുടങ്ങി. ഒട്ടുമിക്ക പച്ചക്കറികളും കൃഷി ചെയ്തുവന്ന ഇദ്ദേഹത്തിന് വഴിത്തിരിവായത് കാച്ചിൽ കൃഷിയാണ്. ഇത് രവീന്ദ്രനെ ലിംക റിക്കോർഡ് കിട്ടാൻ വരെ സഹായിച്ചു. 2005-ലാണ് കാര്യമായ കാച്ചിൽ കൃഷി ആരംഭിക്കുന്നത്. 50 കിലോയിൽ തുടങ്ങി വർഷം കഴിയുന്തോറും 72, 165, 172 കിലോഗ്രാം ഭാരമുള്ള കാച്ചിൽ ലഭിച്ചു. 2010ൽ ഇതിന്റെ തൂക്കം 275 കിലോഗ്രാമായി. തികച്ചും ജൈവരീതിയിലാണ് കാച്ചിൽ കൃഷി.

'ഡയസ്കോറിയ റോട്ടൺഡേറ്റ' എന്ന ശാസ്ത്രനാമത്തിലുള്ള ആഫ്രിക്കൻ കാച്ചിലാണ് രവീന്ദ്രന് ഈ നേട്ടം നൽകിയത്. കൃഷിയുടെ എല്ലാ ഘട്ടങ്ങളിലും കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞനായിരുന്ന ഡോ. സിഎസ് രവീന്ദ്രന്റെ സാങ്കേതിക സഹായങ്ങൾ ലഭിച്ചിട്ടുണ്ട്.

'ഹൃദയാമൃതം' രവീന്ദ്രന് സ്വന്തം

തന്റെ കൃഷിക്ക് വേണ്ടിയുള്ള ജൈവവളങ്ങൾ രവീന്ദ്രൻ തന്നെയാണ് നിർമ്മിക്കുന്നത്. നൂറിലധികം പച്ചിലകൾ ചേർത്ത് നിർമ്മിച്ച 'ഹൃദയാമൃതം' എന്ന ജൈവവളം ഇന്ന് വളരെ പ്രസിദ്ധമാണ്. മാത്രമല്ല ഇതിന് കേന്ദ്രഗവൺമെന്റിന്റെ കാർഷിക അവാർഡും ലഭിച്ചിട്ടുണ്ട്.

ഒരു ബാരലിൽ പച്ചിലകൾ വെട്ടി നുറുക്കിയിട്ട ശേഷം അതിലേക്ക് കഞ്ഞിവെള്ളം, കാടിവെള്ളം, ശർക്കര ലായനി എന്നിവ ഒഴിച്ചുകൊടുക്കും. ഇങ്ങനെ പച്ചിലകൾ മൂന്ന് മാസം വരെ വച്ചിരുന്നാൽ ചാണകം പോലെ ആയിക്കിട്ടും. വേറൊരു ബാരലിൽ ആഹാര അവശിഷ്ടങ്ങൾ നിറക്കും. ഇതിൽ കുമ്മായവും കൂട്ടിചേർത്ത് വച്ച് ഒരു മാസം കഴിയുമ്പോൾ ഇവ രണ്ടുംകൂടി വലിയൊരു ബാരലിലേക്ക് നിറക്കും. അതിൽ പശുവിൻ ചാണകം, ഗോമൂത്രം എന്നിവ ചേർത്ത് ഇളക്കി വയ്ക്കും. അതിൽ അഞ്ചുകിലോ പയറുപൊടി ചേർക്കും. കൂടാതെ വെർമിവാഷ്, ഫിഷ് അമിനോ ആസിഡ്, മുട്ട മിശ്രിതം എന്നിവയും ചേർക്കും. ഇവയെല്ലാം കൂടി ചേർത്തിളക്കി അഞ്ചു ദിവസത്തോളം വച്ചിരിക്കും. അഞ്ചു ദിവസം കഴിയുമ്പോൾ 'ഹൃദയാമൃതം' തയ്യാറാകും.

ഹൃദയാമൃതം കൂടാതെ പഞ്ചഗവ്യം, ഫിഷ് അമിനോ ആസിഡ്, മുട്ട മിശ്രിതം, വെർമി കമ്പോസ്റ്റ് എന്നിവയും രവീന്ദ്രൻ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

ഹൃദയാമൃതം - തയ്യാറാക്കുന്ന രീതി

ചെലവ് കുറഞ്ഞ രീതിയിൽ വീട്ടിൽ തന്നെ ഉണ്ടാക്കിയെടുക്കാവുന്ന ഒരു ജൈവവളമാണ് ഹൃദയാമൃതം. രവീന്ദ്രന്റെ കൈയ്യൊപ്പുള്ള ഈ ജൈവവളത്തിന് ഇന്ന് ആവശ്യക്കാരേറെയാണ്. 20 ലിറ്റർ അളവുള്ള മൂന്ന് ബക്കറ്റ്, 80 ലിറ്റർ അളവുള്ള ഒരു ബാരൽ എന്നിവയാണ് സംഭരണികളായി വേണ്ടത്. ഓരോ ദിവസവും ബാക്കി വരുന്ന ആഹാരം (ചോറ്, കറികൾ, പലഹാരങ്ങൾ, കഞ്ഞിവെള്ളം, തേയിലക്കൊത്ത് എന്നിവ) നന്നായി ഉടച്ച് കുമ്മായമിട്ട് ഇളക്കി വയ്ക്കണം. ഓരോ ദിവസവും ഒഴിച്ച ബക്കറ്റ് നിറയുമ്പോൾ നന്നായി കലക്കി 30 ദിവസം വയ്ക്കണം. എരിവ്, ഉപ്പ്, പുളി, മധുരം എല്ലാമുള്ളതിനാൽ കുമ്മായം ഇട്ട് 30 ദിവസം വയ്ക്കുമ്പോൾ ഇതിലുള്ള അമ്ലത്വം മാറിക്കിട്ടും.

രണ്ടാമത്തെ ബക്കറ്റിൽ പച്ചിലകളും ശർക്കര ലായനിയും ചേർത്ത് വയ്ക്കണം. മണമുള്ളത്, നാറ്റമുള്ളത്, കയ്പ്പുള്ളത്, കറയുള്ളത് എന്നിങ്ങനെ നാലു വിഭാഗം പച്ചക്കറികൾ ഇതിന് വേണം.

മണമുള്ളത് - തുളസി, തുമ്പ, കുറുന്തോട്ടി തുടങ്ങിയവ
നാറ്റമുള്ളത് - പെരുവലം, കമ്മ്യൂണിസ്റ്റ് പച്ച തുടങ്ങിയവ
കയ്പ്പുള്ളത് - വേപ്പ്, കാഞ്ഞിരം, ആടലോടകം തുടങ്ങിയവ
കറയുള്ളത് - പാല, പപ്പായ ഇല, മരച്ചീനി ഇല തുടങ്ങിയവ

കൂടാതെ ശീമക്കൊന്ന, നൊച്ചി, കിരിയാത്ത്, ചൊറിയണം, തൊട്ടാവാടി, വാറ്റുപ്പുല്ല്, കുടങ്ങൽ, കാച്ചിൽ ഇല, പാഷൻ ഫ്രൂട്ടിന്റെ ഇല തുടങ്ങി ലഭ്യമായ എല്ലാ ഇലകളും ശേഖരിച്ച് കഷണങ്ങളാക്കി ബക്കറ്റിലിട്ട് കഞ്ഞിവെള്ളവും കാടിവെള്ളവും ചേർത്ത് വയ്ക്കുന്നു. ഇതിലേക്ക് 500 ഗ്രാം ശർക്കര ലായനി ചേർത്ത് നല്ലതുപോലെ ഇളക്കി അടച്ച് തണലത്ത് ഒരു മാസം വയ്ക്കണം. അഞ്ചു ദിവസത്തിലൊരിക്കൽ ഇളക്കി കൊടുക്കേണ്ടതാണ്. ഒന്നും രണ്ടും ബക്കറ്റിലുള്ളത് ഒരു മാസമാകുമ്പോൾ മൂന്നാമത്തെ ബക്കറ്റിൽ 10 കിലോഗ്രാം ഗോമൂത്രവും 10 കിലോഗ്രാം ചാണകവും ചേർത്ത് കലക്കണം. അതിന് ശേഷം മൂന്ന് ബക്കറ്റിലുള്ളതും ബാരലിൽ നിറക്കണം. ഇതിൽ 500 ഗ്രാം ശർക്കര ലായനിയും കൂടി ചേർത്ത് നല്ലതുപോലെ അടച്ച്, 10 ദിവസം കൂടി തണലിൽ വയ്ക്കണം. അതുകഴിഞ്ഞ് ഒരു കിലോ ധാന്യപ്പൊടി ചേർത്ത് കൊടുക്കുക. ഇതിനോടൊപ്പം ഫിഷ് അമിനോ ആസിഡ്, 10 ലിറ്റർ വെർമിവാഷ് എന്നിവയും ചേർക്കണം. ഇത് അഞ്ചുദിവസം കൂടി വയ്ക്കണം. എല്ലാ ദിവസവും ഇളക്കിക്കൊടുക്കണം. 45 ദിവസം കഴിയുമ്പോൾ ഹൃദയാമൃതം റെഡിയാകും. ഇത് ഒരു ലിറ്ററിൽ 25 ലിറ്റർ വെള്ളം ചേർത്ത് കലക്കി ചെടിയുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കാവുന്നതാണ്. ഒരു ലിറ്ററിന് 30 ലിറ്റർ വെള്ളം എന്ന തോതിൽ ചേർത്താണ് ചെടികളിൽ തളിക്കേണ്ടത്.

ദേശീയ അവാർഡ് ജേതാവ്

കേന്ദ്ര കാർഷിക ഗവേഷണ സ്ഥാപനം ഏർപ്പെടുത്തിയിട്ടുള്ള ഐഎആർഐ കർഷക ഫെല്ലോ അവാർഡ് 2017-ൽ രവീന്ദ്രനാണ് ലഭിച്ചത്. ഇന്ത്യയിൽ നിന്നും ഈ അവാർഡിനായി തെരഞ്ഞെടുക്കപ്പെട്ട അഞ്ചു പേരിൽ ഒരാളാണ് രവീന്ദ്രൻ.

അവാർഡിന് പരിഗണിക്കപ്പെട്ട കാര്യങ്ങൾ

* ജൈവകൃഷി രീതി വർഷങ്ങളായി പിന്തുടരുന്നു.
* ഫാർമർ ഫീൽഡ് സ്കൂൾ വഴി മറ്റ് കർഷകർക്ക് പരിശീലനം നൽകുന്നു.
* 275 കിലോഗ്രാം ഭാരമുള്ള കാച്ചിൽ ഉൽപ്പാദിപ്പിച്ച് 2011-ൽ ലിംക ബുക്ക് ഓഫ് റിക്കോർഡിൽ ഇടം നേടി.
* ടെറസ്സിൽ നെല്ലുൾപ്പെടെ വൈവിധ്യമായ വിളകൾ കൃഷി ചെയ്യുന്നു.
* ജൈവവളങ്ങളും ജൈവകീടനാശിനികളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.
* വിവിധ ദേശീയ, സംസ്ഥാന ഏജൻസികളിൽ നിന്നും നൂറോളം വിവിധ അവാർഡുകൾ ലഭിച്ചു.
* സ്വന്തം കൃഷിരീതിയെ കുറിച്ചും പുതിയ കാർഷിക സങ്കേതങ്ങളെ കുറിച്ചും മറ്റ് കൃഷിക്കാർക്ക് വിവിധ മാധ്യമങ്ങളിലൂടെ അറിവ് പകർന്നു കൊടുക്കുന്നു.
* 2014 ൽ 'ഇന്നവേറ്റീവ് ഫാർമർ' അവാർഡ് ലഭിച്ചു.
* പണ്ഡിറ്റ് ദീൻദയാൽ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

ദേശീയ കൃഷി ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫെല്ലോ കർഷക അവാർഡ്-2017 കേന്ദ്രമന്ത്രി പർഷോത്തം രൂപാലയിൽ നിന്നും രവീന്ദ്രൻ ഏറ്റുവാങ്ങുന്നു.

ഫാം സ്കൂൾ

കൃഷി വകുപ്പിന്റെ ആത്മ പദ്ധതി വഴിയാണ് ഇവിടെ ഫാം സ്കൂൾ നടത്തുന്നത്. മട്ടുപ്പാവിൽ മികച്ച രീതിയിൽ കൃഷി ചെയ്യുന്നത് കണ്ടാണ് ഇദ്ദേഹത്തിന് 'ഫാം സ്കൂൾ' ലഭിച്ചത്. ഈ ഫാം സ്കൂളിൽ സ്വന്തം അനുഭവം പങ്കു വയ്ക്കുന്നതോടൊപ്പം കൃഷി ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും നൽകും. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു രവീന്ദ്രന്റെ ഫാം സ്കൂൾ.

എല്ലാ ശനിയാഴ്ചകളിലുമാണ് ഫാം സ്കൂളിന്റെ ക്ലാസ്സുകൾ നടക്കുക. ഓരോ ക്ലാസ്സിലും 40 മുതൽ 50 വരെ ആളുകൾ ഉണ്ടാകും. എഴുന്നൂറിലധികം ആളുകൾ ഇതിനകം ഇവിടെ നിന്നും പരിശീലനം നേടിക്കഴിഞ്ഞു. കൂടാതെ ദിവസവും സംശയനിവാരണത്തിനും ഉപദേശത്തിനുമായി നിരവധി ആളുകൾ എത്താറുണ്ട്.